**പതിമൂന്നാം കേരള നിയമസഭ**

# സബ്ജക്റ്റ് കമ്മിറ്റി VI

**(വിദ്യാഭ്യാസം)**

## 2010-2011 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മപരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിലെ ശുപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും
സംബന്ധിച്ച ചട്ടങ്ങളിലെ 236-ാം ചട്ടത്തിന്റെ
(5)-ാം ഉപചട്ടപ്രകാരം സമർപ്പിക്കുന്നത്

2011 നവംബർ 3-ാം തീയതി സമർപ്പിച്ചത്

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2011

പതിമൂന്നാം കേരള നിയമസഭ

# സബ്ജക്റ്റ് കമ്മിറ്റി VI

**(വിദ്യാഭ്യാസം)**

2010-2011 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ
സൂക്ഷ്മപരിശോധന സംബന്ധിച്ച അഞ്ചാമത്
റിപ്പോർട്ടിലെ ശുപാർശകളിന്മേലുള്ള
ആക്ഷൻ ടേക്കൺ റിപ്പോർട്ട്

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും
സംബന്ധിച്ച ചട്ടങ്ങളിലെ 236-ാം ചട്ടത്തിന്റെ (5)-ാം
ഉപചട്ടപ്രകാരം സമർപ്പിക്കുന്നത്

1171/2011.

<u>ഉള്ളടക്കം</u>


| | | പേജ് |
| --- | --- | --- |
| കമ്മിറ്റിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | 1 |

# സബ്ജക്റ്റ് കമ്മിറ്റി VI
(വിദ്യാഭ്യാസം)
(2011-13)

ഘടന

ചെയർമാൻ :

ശ്രീ. പി. കെ. അബ്ദു റബ്ബ്
വിദ്യാഭ്യാസ വകുപ്പുമന്ത്രി

എക്സ്-ഒഫീഷ്യോ അംഗങ്ങൾ :

ശ്രീ. കെ. സി. ജോസഫ്
ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി

ശ്രീ. കെ. ബി. ഗണേഷ് കുമാർ
വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി

അംഗങ്ങൾ :

ശ്രീ. എം. എ. ബേബി
,, ഇ. ചന്ദ്രശേഖരൻ
ഡോ. കെ. ടി. ജലീൽ
ശ്രീ. ജോസഫ് വാഴക്കൻ
,, റ്റി. വി. രാജേഷ്
,, ഷാഫി പറമ്പിൽ
,, എം. ഉമ്മർ
,, പി. സി. വിഷ്ണുനാഥ്.

നിയമസഭാ സെക്രട്ടേറിയറ്റ് :

ശ്രീ. പി. ഡി. രാജൻ, സെക്രട്ടറി
ശ്രീ. കെ. പുരുഷോത്തമൻ, ജോയിന്റ് സെക്രട്ടറി
ശ്രീ. എസ്. തുളസീധരൻ, ഡെപ്യൂട്ടി സെക്രട്ടറി
ശ്രീമതി എസ്. ഷാഹിന, അണ്ടർ സെക്രട്ടറി.

# അവതാരിക

2008-2011 കാലയളവിലെ സാമൂഹ്യസേവനം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VI –ന്റെയും ആഭ്യന്തര കാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി X-ന്റെയും 2010-2011 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടുകളിൽ ധനാഭ്യർത്ഥന നമ്പർ XVII സംബന്ധിച്ച ശുപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികൾ സംബന്ധിച്ച റിപ്പോർട്ട് കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 236(5) പ്രകാരം സബ്ജക്ട് കമ്മിറ്റി VI (വിദ്യാഭ്യാസം)-ന്റെ ചെയർമാനായ ഞാൻ സമർപ്പിക്കുന്നു.

2010 ജൂൺ 25-ാം തീയതി സഭയിൽ സമർപ്പിച്ച സാമൂഹ്യസേവനം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VI (2008-2011) ആഭ്യന്തരകാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി X (2008-2011) എന്നിവയുടെ 2010-2011 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മപരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടുകളിലെ ധനാഭ്യർത്ഥന നമ്പർ XVII-ൽ ഉൾപ്പെടുന്നതും 8-4-2010-ലെ 4832/Legn.2/2009/Leg. നമ്പർ വിജ്ഞാപനപ്രകാരം കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടം 232 ഭേദഗതി ചെയ്ത പ്രകാരം രൂപീകൃതമായ സബ്ജക്ട് കമ്മിറ്റി VI (വിദ്യാഭ്യാസം)-ന്റെ പരിധിയിൽ വരുന്നതുമായ ശുപാർശകളിന്മേൽ നാളിതുവരെ സമിതിക്ക് ലഭ്യമായ സർക്കാർ സ്വീകരിച്ച നടപടി സ്റ്റേറ്റുമെന്റുകൾ 24-10-2011-ൽ ചേർന്ന സമിതി യോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു. ഇതു സംബന്ധിച്ച് സമിതിയുടെ തീരുമാനം ഉൾക്കൊള്ളുന്നതാണ് ഈ റിപ്പോർട്ട്.

രണ്ടുഭാഗങ്ങളുള്ള ഈ റിപ്പോർട്ടിലെ ഭാഗം 1-ൽ റിപ്പോർട്ടുകളിലെ ശുപാർശകളും അവയിൻമേൽ സർക്കാർ സ്വീകരിച്ച നടപടി സ്റ്റേറ്റുമെന്റുകളും ഭാഗം 2-ൽ സർക്കാരിൽ നിന്നും നടപടി സ്റ്റേറ്റുമെന്റ് ലഭിക്കാത്ത ശുപാർശകളും ചേർത്തിരിക്കുന്നു. പ്രസ്തുത വിവരം സംക്ഷിപ്ത രൂപത്തിൽ വകുപ്പ് തിരിച്ച് ഈ റിപ്പോർട്ടിന്റെ അവസാനഭാഗത്ത് ചേർത്തിരിക്കുന്നു.

സമിതി 2011 ഒക്ടോബർ മാസം 24-ാം തീയതി ചേർന്ന യോഗത്തിൽ ഈ റിപ്പോർട്ട് അംഗീകരിച്ചു.

നിയമസഭാ സെക്രട്ടേറിയറ്റ്,
തിരുവനന്തപുരം,
2011 ഒക്ടോബർ 24.

**പി. കെ. അബ്ദു റബ്ബ്,**
*ചെയർമാൻ,*
*സബ്ജക്ട് കമ്മിറ്റി VI.*

# റിപ്പോർട്ട്

2010-2011 സാമ്പത്തിക വർഷത്തിലെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മ പരിശോധന സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VI (സാമൂഹ്യസേവനം), സബ്ജക്ട് കമ്മിറ്റി X (ആഭ്യന്തരകാര്യങ്ങൾ) എന്നിവയുടെ അഞ്ചാമത് റിപ്പോർട്ടുകളിലെ ശുപാർശ കൾക്ക് 24-10-2011 വരെ ലഭിച്ച ആക്ഷൻ ടേക്കൺ സ്റ്റേറ്റ്മെന്റുകളും ആയത് ലഭിക്കാത്ത ശുപാർശകളും അടങ്ങിയതും ചട്ടം 236 (5) പ്രകാരമുള്ളതുമായ റിപ്പോർട്ട്.

## ഭാഗം I

2010-11 സാമ്പത്തിക വർഷത്തിലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച പ്രസ്തുത റിപ്പോർട്ടുകളിലെ ശുപാർശകളിന്മേൽ സ്വീകരിച്ച നടപടി സംബന്ധിച്ച സ്റ്റേറ്റ്മെന്റ് ലഭിച്ചവ.

### പൊതുവിദ്യാഭ്യാസം

ശുപാർശ (ഖണ്ഡിക നമ്പർ 2)

2202-02-800-62—രാഷ്ട്രീയ മാധ്യമിക് ശിക്ഷാ അഭിയാൻ (ആർ.എം.എസ്.എ.)

75-25 ശതമാനമെന്ന നിലവിൽ കേന്ദ്ര സഹായം ലഭിക്കുന്ന രാഷ്ട്രീയ മാധ്യമിക് ശിക്ഷാ അഭിയാൻ പദ്ധതിക്ക് 150 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്നതായാണ് പ്രാഥമിക റിപ്പോർട്ടുകൾ. ഇതിന്റെ 25 % സംസ്ഥാന വിഹിതമായി ഉൾപ്പെടുത്തേണ്ടിവരുമെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ സംസ്ഥാന വിഹിതമായ 38 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2009-2010 സാമ്പത്തിക വർഷം ആർ.എം.എസ്.എ. പദ്ധതിക്ക് കേന്ദ്ര സർക്കാർ റിലീസ് ചെയ്ത കേന്ദ്ര വിഹിതത്തിനാനുപാതികമായ സംസ്ഥാന വിഹിതം ഭരണാനുമതിയുടെ അടിസ്ഥാനത്തിൽ യഥാസമയം അഡീഷണൽ ആതറൈസേഷൻ മുഖേനയും റീ-അപ്രോപ്രിയേഷൻ മുഖേനയും ലഭ്യമാക്കിയിട്ടുണ്ട്.

2010-2011 വർഷത്തേക്ക് ആർ.എം.എസ്.എ. പദ്ധതിക്കായി 122.51 കോടി രൂപയ്ക്കുള്ള പ്രൊപ്പോസലാണ് കേന്ദ്ര സർക്കാർ അംഗീകരിച്ചിട്ടുള്ളത്. ഇതിൽ 91.88 കോടി രൂപയാണ് കേന്ദ്ര വിഹിതം (75%). സംസ്ഥാന വിഹിതം 30.62 കോടി രൂപയാണ് (25%). 2010-2011 സാമ്പത്തിക വർഷത്തെ പദ്ധതി പ്രൊപ്പോസലിന് 2011 ഫെബ്രുവരി മാസമാണ് കേന്ദ്ര സർക്കാർ അംഗീകാരം നൽകിയത്. തുടർന്ന് ആദ്യത്തെ ഗഡു കേന്ദ്ര വിഹിതവും റിലീസ് ചെയ്തിട്ടുണ്ട് (5.84 കോടി രൂപ). ആയതിന് ആനുപാതികമായ സംസ്ഥാന വിഹിതം റിലീസ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

1171/2011.

ശുപാർശ (ഖണ്ഡിക നമ്പർ 3)

2202-02-112-99—ഹൈസ്കൂൾ വിദ്യാർത്ഥികൾക്കുള്ള ഉച്ചഭക്ഷണം

2009-2010 സാമ്പത്തിക വർഷത്തിൽ ഈയിനത്തിൽ അനുവദിച്ച 10 കോടി രൂപ സംസ്ഥാനത്തെ മുഴുവൻ ഹൈസ്കൂൾ കുട്ടികൾക്കും ഉച്ചഭക്ഷണം നൽകുവാൻ അപര്യാപ്തമാണെന്ന കാരണത്താൽ ചെലവഴിക്കാത്ത സ്ഥിതിയിൽ സമിതി കടുത്ത അതൃപ്തി രേഖപ്പെടുത്തുകയും കേരളത്തെപ്പോലെയുള്ള ഒരു സംസ്ഥാനത്ത് സാങ്കേതിക കാരണത്താൽ ഉച്ചഭക്ഷണ പദ്ധതി ഉയർന്ന ക്ലാസ്സുകളിൽകൂടി ഫലപ്രദമായി വ്യാപിപ്പിക്കുവാൻ കഴിയാതെപോയത് നീതീകരിക്കുവാൻ കഴിയില്ലെന്ന് സമിതി അഭിപ്രായപ്പെടുകയും ചെയ്തു. ഹൈസ്കൂൾ കുട്ടികൾക്കുള്ള ഉച്ചഭക്ഷണ പരിപാടി ഒരു ഫ്ളാഗ്ഷിപ്പ് പ്രോഗ്രാമെന്ന വിധത്തിൽ നടപ്പിലാക്കുവാൻ വേണ്ട നടപടി അടിയന്തിരമായി സ്വീകരിച്ച് ഇതിനാവശ്യമായ തുക ഈ സാമ്പത്തിക വർഷംതന്നെ ബഡ്ജറ്റിൽ വകയിരുത്തണമെന്ന് സമിതി ശക്തമായി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

ഉച്ചഭക്ഷണ പരിപാടി 9, 10 ക്ലാസ്സുകളിലേക്കുകൂടി വ്യാപിപ്പിക്കുന്നതിനുവേണ്ട അധിക ഫണ്ട് കേന്ദ്ര സർക്കാർ അനുവദിച്ചു നൽകാത്ത സാഹചര്യത്തിൽ പ്രസ്തുത പദ്ധതി ആരംഭിക്കുവാൻ കഴിഞ്ഞിട്ടില്ല.

ശുപാർശ (ഖണ്ഡിക നമ്പർ 9)

2202-80-800-79—കലകളിൽ ശോഭിക്കുന്ന പാവപ്പെട്ട കുട്ടികൾക്ക് ധനസഹായം

കലകളിൽ താത്പര്യവും എന്നാൽ സാമ്പത്തികമായി വളരെ പിന്നോക്കം നിൽക്കുന്നതുമായ സ്കൂൾ കുട്ടികളെ സഹായിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുംവേണ്ടി ഈ സാമ്പത്തിക വർഷത്തെ വിഹിതം തികച്ചും അപര്യാപ്തമായതിനാൽ 10 ലക്ഷം രൂപകൂടി അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

മുൻവർഷങ്ങളിൽ ചെലവഴിച്ച തുകയും നടപ്പുവർഷം നവംബർ മാസംവരെ ചെലവഴിച്ച തുകയും പരിശോധിച്ചതിൽ ഈ പദ്ധതിക്ക് കൂടുതൽ തുക ആവശ്യമില്ലെന്ന് കണ്ടെത്തിയതിനാൽ കൂടുതൽ നടപടി സ്വീകരിച്ചിട്ടില്ല.

| സാമ്പത്തിക വർഷം | ബഡ്ജറ്റ് എസ്റ്റിമേറ്റ് (*in lakhs*) | ചെലവഴിച്ച തുക (*in lakhs*) |
|---|---|---|
| 2007-2008 | 30.00 | 10.34 |
| 2008-2009 | 30.00 | 20.79 |
| 2009-2010 | 40.00 | 19.62 |
| 2010-2011 (upto 11/2010) | 40.00 | 10.00 |

ശുപാർശ (ഖണ്ഡിക നമ്പർ 11)

2202-05-200-99—റീജിയണൽ ഇൻസ്റ്റിറ്റ്യൂട്ടിനുള്ള അംശദാനവും, ഇംഗ്ലീഷ് അദ്ധ്യാപന പരിശീലന കേന്ദ്രങ്ങൾ സംഘടിപ്പിക്കുന്നതിനും

ഇംഗ്ലീഷ് ഭാഷാദ്ധ്യാപന പരിശീലനം നൽകുന്ന ബാംഗ്ലൂരിലെ റീജിയണൽ ഇൻസ്റ്റിറ്റ്യൂട്ടിന് നൽകുന്ന അംശദാനത്തിനുവേണ്ടിയാണ് ഈ തുക വിനിയോഗിക്കുന്നത്. 2010-2011 സാമ്പത്തിക വർഷം വകയിരുത്തിയിരിക്കുന്ന 22 ലക്ഷം രൂപ അപര്യാപ്തമായതിനാൽ പ്രസ്തുത തുക 40 ലക്ഷം രൂപയായി വർദ്ധിപ്പിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

ബാംഗ്ലൂരിലെ റീജിയണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇംഗ്ലീഷിന് അംശദാനമായി നൽകി വരുന്ന തുക വർദ്ധിപ്പിക്കാൻ സംസ്ഥാനത്തിന്റെ പരിമിതമായ വിഭവ ലഭ്യതമൂലം ഇപ്പോൾ നിർവ്വാഹമില്ല.

ശുപാർശ (ഖണ്ഡിക നമ്പർ 19)

2202-02-001-94—ഡയറക്ടറേറ്റ് ഓഫ് ഹയർ സെക്കന്ററി എഡ്യൂക്കേഷൻ

2009 മാർച്ച് മുതൽ ഹയർ സെക്കന്ററി ഒന്നാംവർഷ പരീക്ഷ രണ്ടാംവർഷ പരീക്ഷയുടെ മാതൃകയിൽ നടത്തുവാൻ തീരുമാനിക്കുകയും തത്ഫലമായി പരീക്ഷാ ചെലവ് വർദ്ധിക്കുകയും ചെയ്ത സാഹചര്യത്തിൽ രഹസ്യസേവനം എന്ന ശീർഷകത്തിൽ 84 ലക്ഷം രൂപയും ഡയറക്ടറേറ്റിന്റെ പ്രവർത്തനത്തിന് പുതിയ വാഹനങ്ങൾ വാങ്ങുന്നതിനായി 20 ലക്ഷം രൂപയും അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

ഹയർ സെക്കന്ററി പരീക്ഷാ നടത്തിപ്പിനായി അൻപത് ലക്ഷം രൂപ അധികമായി അനുവദിച്ചു. കൂടാതെ ഹയർ സെക്കന്ററി ഡയറക്ടറേറ്റിനുവേണ്ടി പുതിയ വാഹനം വാങ്ങുന്നതിന് ധനപുനർവിനിയോഗംവഴി അഞ്ച് ലക്ഷം രൂപയും അനുവദിച്ചു.

ശുപാർശ (ഖണ്ഡിക നമ്പർ 20)

2202-02-001-92—ഹയർ സെക്കന്ററി എഡ്യൂക്കേഷൻ റീജിയണൽ ഡെപ്യൂട്ടി ഡയറക്ടറേറ്റ്

സംസ്ഥാനത്തുടനീളമുള്ള ഹയർ സെക്കന്ററി സ്കൂളുകളിലെ ഓഡിറ്റ് പരിശോധനയ്ക്കായി 3 ലക്ഷം രൂപയും ടെലിഫോൺ ചാർജ്ജിനത്തിൽ 50,000 രൂപയും കറന്റ് ചാർജ്ജിനത്തിൽ 50,000 രൂപയും മോട്ടോർ വാഹനങ്ങൾക്കായി 60,000 രൂപയും പി.ഒ.എൽ. ഇനത്തിൽ 60,000 രൂപയും മറ്റിനങ്ങൾക്കായി 60,000 രൂപയും ദിവസവേതന നിരക്കിൽ ഡ്രൈവർമാർക്ക് വേതനം നൽകുന്നതിനായി 1,77,000 രൂപയും അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

നിലവിലുള്ള വിഹിതം പൂർണ്ണമായി ഉപയോഗിച്ചതിനുശേഷം അധിക തുക ആവശ്യമാകുകയാണെങ്കിൽ ധനപുനർവിനിയോഗ നിർദ്ദേശങ്ങൾ സമർപ്പിക്കുവാൻ ഹയർ സെക്കന്ററി ഡയറക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്.

ശുപാർശ (ഖണ്ഡിക നമ്പർ 21)

2202-02-107-94—ഹയർ സെക്കന്ററി വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പുകൾ

സാമൂഹ്യക്ഷേമ പദ്ധതിയുടെ ഭാഗമായി ഹയർസെക്കന്ററി സ്കൂളുകളിലെ ദാരിദ്ര്യരേഖയ്ക്കുംതാഴെ വരുമാനമുള്ള കുടുംബങ്ങളിലെ മിടുക്കരായ വിദ്യാർത്ഥികൾക്ക് പ്രതിവർഷം 5,000 രൂപ മൂല്യമുള്ള സ്കോളർഷിപ്പുകൾ നൽകിവരുന്ന ഈ പദ്ധതിയിൽ 37 ഹയർ സെക്കന്ററി സ്കൂളുകളെകൂടി ഉൾപ്പെടുത്തേണ്ടതുള്ളതിനാൽ ഈ ശീർഷകത്തിൽ 10 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

ഈ ഖണ്ഡികയിലെ ശുപാർശ പദ്ധതിയിനത്തിൽപ്പെടുന്നവ ആയതിനാൽ ആസൂത്രണ സാമ്പത്തികകാര്യ വകുപ്പിന്റെ അനുമതി ആവശ്യമായിവന്നു. ആയത് ലഭ്യമാക്കിയെങ്കിലും ധനാഭ്യർത്ഥന XVII-ൽ 2010-11 വർഷം 48.02 കോടി രൂപ ധന പുനഃക്രമീകരണത്തിലൂടെ ക്രമീകരിക്കുവാൻ അവശേഷിച്ചതിനാലും, 2010-11 സാമ്പത്തിക വർഷത്തെ അവസാന ഉപധനാഭ്യർത്ഥനയും കഴിഞ്ഞ സാഹചര്യത്തിലും, അധിക തുക അനുവദിച്ചിട്ടില്ല.

ശുപാർശ (ഖണ്ഡിക നമ്പർ 22)

2202-02-109-86—ഹയർ സെക്കന്ററി എഡ്യൂക്കേഷൻ-മറ്റു ചെലവുകൾ

കേരളത്തിലാകെ 735 ഹയർ സെക്കന്ററി സ്കൂളുകളിലായി ഏഴരലക്ഷത്തോളം വിദ്യാർത്ഥികൾ പഠിക്കുന്നു. വിദ്യാർത്ഥികൾക്ക് ഈ പ്രായത്തിൽ വിദ്യാഭ്യാസത്തോടൊപ്പം കൗമാര കൗൺസിലിംഗ് അത്യാവശ്യഘടകമാണെന്ന് സമിതി കരുതുന്നു. വളരെ ബൃഹത്തായതും അത്യാവശ്യമായതുമായ ഈ പദ്ധതിക്കായി ഇപ്പോൾ വകയിരുത്തിയിരിക്കുന്നത് 20 ലക്ഷം രൂപ മാത്രമാണ്. പ്രസ്തുത തുക ഈ പദ്ധതി വിജയകരമാക്കിതീർക്കുവാൻ അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 30 ലക്ഷം രൂപകൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2010-2011 സാമ്പത്തിക വർഷം കൗമാര കൗൺസിലിംഗിനായി 20 ലക്ഷം രൂപ അനുവദിച്ചതിൽ 9,56,250 രൂപ ചെലവഴിച്ചു. 10,43,750 രൂപ സറണ്ടർ ചെയ്ത സാഹചര്യത്തിൽ അധിക തുക അനുവദിച്ചിട്ടില്ല.

ശുപാർശ (ഖണ്ഡിക നമ്പർ 23)

2202-02-109-79—ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂളുകളിൽ ലാബ്, ലൈബ്രറികൾ, അടിസ്ഥാന സൗകര്യം എന്നിവയുടെ വികസനം

സർക്കാർ ഹയർ സെക്കന്ററി സ്കൂളുകളിലെ ലബോറട്ടറി, ലൈബ്രറി എന്നിവയുടെ അവസ്ഥ വളരെ അപര്യാപ്തവും പരിതാപകരവുമാണെന്നും ഏറെ അടിയന്തിര പ്രാധാന്യം നൽകേണ്ട ഒരു മേഖലയാണിതെന്നും സമിതി ചൂണ്ടിക്കാട്ടി. സംസ്ഥാനത്തെ ഹയർ സെക്കന്ററി സ്കൂളുകളിൽ ലബോറട്ടറി ഉപകരണങ്ങൾ, ലൈബ്രറി ഫർണിച്ചർ എന്നിവയ്ക്കായി ഈ ശീർഷകത്തിൽ 6 കോടി രൂപകൂടി അധികമായി വകയിരുത്തണമെന്ന് സമിതി ശക്തമായി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

ഗവൺമെന്റ് ഹയർസെക്കന്ററി സ്കൂളുകളിലെ ലാബ്, ലൈബ്രറികൾ, അടിസ്ഥാന സൗകര്യം എന്നിവയുടെ വികസനത്തിനായി 2010-11 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ 686 ലക്ഷം രൂപ അനുവദിച്ചു. സാമ്പത്തിക വർഷത്തിന്റെ മൂന്നിൽ രണ്ട് ഭാഗം കഴിഞ്ഞ സാഹചര്യത്തിൽ അധിക തുക അനുവദിച്ചാൽ ജോലികൾ പൂർത്തിയാക്കുന്നതിനുള്ള സമയം പരിമിതമാണെന്നും, ആയതിനാൽ പ്രൊപ്പോസൽ അടുത്ത സാമ്പത്തിക വർഷം പരിഗണിക്കണമെന്ന് ഹയർ സെക്കന്ററി വിദ്യാഭ്യാസ ഡയറക്ടർ അറിയിച്ചതിനാൽ അധിക തുക അനുവദിച്ചില്ല.

**ഉന്നത വിദ്യാഭ്യാസ വകുപ്പ്**

ശുപാർശ (ഖണ്ഡിക നമ്പർ 31)

2205-00-105-97—കേരള സംസ്ഥാന സെൻട്രൽ ലൈബ്രറി

സർട്ടിഫിക്കറ്റ് ഇൻ ലൈബ്രറി ആന്റ് ഇൻഫർമേഷൻ സയൻസ് കോഴ്സിന്റെ നടത്തിപ്പിനായുള്ള തുക വർദ്ധിപ്പിച്ചതിനാൽ ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുകയ്ക്കുപുറമെ 8,000 രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

തിരുവനന്തപുരം സ്റ്റേറ്റ് സെൻട്രൽ ലൈബ്രറിയിൽ നടത്തിവരുന്ന സർട്ടിഫിക്കറ്റ് ഇൻ ലൈബ്രറി ആന്റ് ഇൻഫർമേഷൻ സയൻസ് കോഴ്സിന്റെ നടത്തിപ്പിനായി 2010-11 സാമ്പത്തിക വർഷം 8,000 രൂപകൂടി അധികമായി അഡീഷണൽ ഓതറൈസേഷൻവഴി 2-11-2010-ലെ സ.ഉ.(ആർടി.) 7973/2010/ഫിൻ. പ്രകാരം അനുവദിച്ച് നൽകിയിട്ടുണ്ട്.

ശുപാർശ (ഖണ്ഡിക നമ്പർ 32)

2204-00-102-90—നാഷണൽ സർവ്വീസ് സ്കീം

എൻ.എസ്.എസ്. വോളന്റിയർമാരുടെ നേതൃത്വശേഷി വർദ്ധിപ്പിക്കുന്നതിനും അവരിൽ സ്വാശ്രയബോധം, സ്വതന്ത്രചിന്ത, ഉയർന്ന ദേശീയബോധം, മതനിരപേക്ഷത,

ശക്തമായ മൂല്യബോധം എന്നിവ ഉയർത്തുന്നതിനും, ദേശീയ പുനർനിർമ്മാണ പ്രക്രിയയിൽ പങ്കാളികൾ ആക്കുന്നതിന്റെയും ഭാഗമായി ജില്ലാതല പരിശീലന പരിപാടികൾ സംഘടിപ്പിക്കുന്നതിനായി ഈ ശീർഷകത്തിൽ 37.38 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

ശുപാർശ (ഖണ്ഡിക നമ്പർ 33)

സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന മയക്കുമരുന്ന് ഉപയോഗത്തിന് എതിരെ വിദ്യാർത്ഥികളെ ബോധവത്ക്കരിക്കുന്നതിനായി യൂണിറ്റ് തല പരിപാടികൾ സംഘടിപ്പിക്കുന്നതിന് 55.05 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

ഖണ്ഡിക നമ്പർ 32, 33 എന്നിവയിലെ ശുപാർശകളിന്മേൽ സ്വീകരിച്ച നടപടി

എൻ.എസ്.എസ്. സ്റ്റേറ്റ് ലെയ്സൺ ഓഫീസർ സമർപ്പിച്ചിരുന്ന എൻ.എസ്.എസ്. വോളന്റിയർമാരുടെ നേതൃശേഷി വർദ്ധിപ്പിക്കുന്നതിനുള്ള 'കപ്പാസിറ്റി ബിൽഡിംഗ് പ്രോഗ്രാം' സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന മയക്കുമരുന്ന് ഉപയോഗത്തിന് എതിരെ വിദ്യാർത്ഥികളെ ബോധവത്ക്കരിക്കുന്നതിനുള്ള 'ആന്റി ഡ്രഗ് കാമ്പയിൻ' എന്നീ പ്രൊപ്പോസലുകൾ ശുപാർശ ചെയ്ത് തുക അനുവദിക്കുന്നതിനായി ധനകാര്യ വകുപ്പിന്റെ പരിഗണനയ്ക്ക് അയച്ചിരുന്നു. എന്നാൽ ടി പദ്ധതികൾ കേന്ദ്ര സർക്കാരിന് സമർപ്പിച്ച് അംഗീകാരം ലഭിച്ച്, സഹായം അനുവദിക്കുന്ന മുറയ്ക്ക് മാത്രമേ അധിക തുക വകയിരുത്തുന്നതിനുള്ള നിർദ്ദേശങ്ങൾ പരിഗണിക്കുവാൻ സാധിക്കുകയുള്ളൂ എന്നും ആയതിനാൽ പദ്ധതികളുടെ അംഗീകാരം ലഭിക്കുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ് എന്നും ധനകാര്യ വകുപ്പ് അഭിപ്രായപ്പെടുകയുണ്ടായി. കേന്ദ്ര സർക്കാരിന് സമർപ്പിക്കുന്നതിനുള്ള വ്യക്തവും വിശദവുമായ പ്രൊപ്പോസലുകൾ തയ്യാറാക്കി സമർപ്പിക്കുവാൻ എൻ.എസ്.എസ്. സ്റ്റേറ്റ് ലെയ്സൺ ഓഫീസർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രൊപ്പോസലുകൾ ലഭ്യമായാലുടൻ തന്നെ ആയതു പരിശോധിച്ച് ശുപാർശ സഹിതം കേന്ദ്ര സർക്കാരിന്റെ പരിഗണനയ്ക്കായി സമർപ്പിക്കുന്നതാണ്.

ശുപാർശ (ഖണ്ഡിക നമ്പർ 34)

4202-03-800-91—നാഷണൽ കേഡറ്റ് കോർ

തിരുവനന്തപുരം എയർപോർട്ടിൽ പുതിയ ഹാംഗറിനായി അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ സാങ്കേതിക കാരണങ്ങളാൽ ഇപ്പോൾ നിർമ്മാണം തടസ്സപ്പെട്ടിരിക്കുന്ന ചങ്ങനാശ്ശേരിയിലെ ബോട്ട് ഹൗസ് നിർമ്മാണത്തിനായും, സ്ഥിരം ക്യാമ്പ് സൈറ്റ് നിർമ്മാണത്തിനായും വകയിരുത്തിയിരിക്കുന്ന 20 ലക്ഷം രൂപ ഹാംഗർ നിർമ്മാണത്തിനായി റീ-അലോട്ട് ചെയ്യണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

തിരുവനന്തപുരത്തെ എൻ.സി.സി. ഹാംഗറിന്റെ നിർമ്മാണത്തിനായി 31-7-2010 -ലെ ജി.ഒ. (ആർടി.) 1552/2010/ഉവിവ. പ്രകാരം 2010-2011-ൽ "4202-03-800-91" ശീർഷകത്തിൽ 13,20,000 രൂപ വകകൊള്ളിച്ചിരുന്നത് അനുവദിച്ച് പുതുക്കിയ ഭരണാനുമതി നൽകിയിട്ടുണ്ട്. ഹാംഗർ നിർമ്മാണത്തിനാവശ്യമായ ബാക്കി തുക 2011-2012- ലെ വാർഷിക പ്ലാൻ പ്രൊപ്പോസലിൽ ഉൾപ്പെടുത്താനും നടപടി കൈക്കൊണ്ടിട്ടുണ്ട്.

ശുപാർശ (ഖണ്ഡിക നമ്പർ 35)

യാത്രാബത്ത ഇനത്തിൽ ഇപ്പോൾ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ പദ്ധതിയിതര ഇനത്തിൽ 18 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

യാത്രാബത്തയിനത്തിൽ അപര്യാപ്തമായ തുക റീ അപ്രോപ്രിയേഷൻവഴി കണ്ടെത്തുവാൻ കഴിയുമെന്ന് ഡെപ്യൂട്ടി ഡയറക്ടർ ജനറൽ അറിയിച്ചിട്ടുള്ളതിനാൽ ഈ ഇനത്തിൽ അധിക തുക വകയിരുത്തേണ്ടതില്ല.

ശുപാർശ (ഖണ്ഡിക നമ്പർ 38)

2203-00-800-97—ശാസ്ത്രസാങ്കേതിക മ്യൂസിയം

മ്യൂസിയത്തിലെ പ്ലാനറ്റേറിയം പ്രൊജക്ഷൻ സിസ്റ്റത്തിന് 23 വർഷത്തെ പഴക്കം ഉണ്ട്. കാലഹരണപ്പെട്ട സാങ്കേതിക വിദ്യ നവീകരിക്കേണ്ടത് അനിവാര്യമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഡിജിറ്റൽ സാങ്കേതികവിദ്യ ഉപയോഗിച്ച് പ്ലാനറ്റേറിയത്തിന്റെ പ്രൊജക്ഷൻ സിസ്റ്റം നവീകരിക്കുന്നതിനായി 600 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

ശുപാർശ (ഖണ്ഡിക നമ്പർ 39)

ഗ്യാലറികൾ, ലബോറട്ടറികൾ, വർക്ക്ഷോപ്പ്, യൂത്ത് ഹോസ്റ്റൽ തുടങ്ങിയവയ്ക്കായുള്ള കെട്ടിടനിർമ്മാണത്തിന് 250 ലക്ഷം രൂപ ഈ സാമ്പത്തിക വർഷം അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

ഖണ്ഡിക 38, 39 എന്നിവയിലെ ശുപാർശകളിന്മേൽ സ്വീകരിച്ച നടപടി

വിഭവലഭ്യതയുടെ പരിമിതി കാരണം ഈ സാമ്പത്തികവർഷം പദ്ധതികൾക്ക് അധികതുക അനുവദിക്കാൻ നിർവാഹമില്ല എന്ന് അറിയിക്കുന്നു.

ശുപാർശ (ഖണ്ഡിക നമ്പർ 40)

2203-00-800-91—ദൃശ്യ-ശ്രാവ്യ റിപ്രോഗ്രാഫിക് സെന്റർ ധനസഹായം

സെന്ററിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനായി പദ്ധതിയിനത്തിൽ നിലവിൽ വകയിരുത്തിയിരിക്കുന്ന തുക തികച്ചും അപര്യാപ്തമാണ്. ആയതിനാൽ വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനായി ഈ ശീർഷകത്തിൽ 1450 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

ദൃശ്യ-ശ്രാവ്യ റിപ്രോഗ്രാഫിക് സെന്റർ വാണിജ്യാടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന ഒരു സ്വയംഭരണ സ്ഥാപനമായതിനാൽ സംസ്ഥാനത്തിന്റെ വിഭവലഭ്യതയുടെ പരിമിതി കാരണം നിലവിൽ ബഡ്ജറ്റിൽ വകയിരുത്തിയതിനെക്കാൾ അധികമായി തുക അനുവദിക്കുന്നകാര്യം ഇപ്പോൾ പരിഗണിക്കുവാൻ നിർവ്വാഹമില്ല. ഈ സാഹചര്യത്തിൽ സബ്ജക്ട് കമ്മിറ്റിയുടെ ഈ ശുപാർശ നടപ്പിലാക്കുവാൻ സാധിക്കുകയില്ല.

ശുപാർശ (ഖണ്ഡിക നമ്പർ 41)

2202-04-001-93—തുടർ വിദ്യാഭ്യാസകേന്ദ്രം ധനസഹായം

കേരളത്തിലെ യുവജനങ്ങളുടെ തൊഴിൽ സാദ്ധ്യത വർദ്ധിപ്പിക്കുവാനുള്ള തുടർവിദ്യാഭ്യാസ പദ്ധതികൾ നടപ്പിലാക്കുക എന്ന സെന്ററിന്റെ ലക്ഷ്യ സാക്ഷാത് കാരത്തിനായി വിഭാവനം ചെയ്തിട്ടുള്ള വിവിധ പദ്ധതികൾക്കായി പദ്ധതിയിനത്തിൽ 286.40 ലക്ഷം രൂപയും പദ്ധതിയിതര ഇനത്തിൽ 50 ലക്ഷം രൂപയും വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

തുടർ വിദ്യാഭ്യാസ കേന്ദ്രം കേരളയുടെ പ്രവർത്തനങ്ങൾക്കായി പദ്ധതിയിനത്തിൽ ഒരു കോടി രൂപ നൽകാൻ പ്രൊപ്പോസൽ സമർപ്പിക്കാൻ തുടർ വിദ്യാഭ്യാസ കേന്ദ്രം കേരളയുടെ ഡയറക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്. എന്നാൽ പദ്ധതിയിതര ഇനത്തിൽ തുടർ വിദ്യാഭ്യാസ കേന്ദ്രത്തിന് ഗ്രാന്റ് നൽകുന്ന കാര്യം ഔപചാരികമായി തീരുമാനിച്ചിട്ടില്ല. മാത്രമല്ല തുടർ വിദ്യാഭ്യാസ കേന്ദ്രം കേരള, സ്വാശ്രയ സ്വഭാവമുള്ള സ്ഥാപനമായതിനാൽ ബഡ്ജറ്റ് എസ്റ്റിമേറ്റിൽ പദ്ധതിയിതര ഇനത്തിൽ ഗ്രാന്റ് അനുവദിക്കാൻ കഴിയില്ല.

ശുപാർശ (ഖണ്ഡിക നമ്പർ 42)

2203-00-800-80—എൽ.ബി.എസ്. സെന്റർ ഫോർ സയൻസ് & ടെക്നോളജി

എൽ.ബി.എസ്.സെന്ററിന്റെ വികസന പ്രവർത്തനങ്ങളായ കെട്ടിട നിർമ്മാണങ്ങളും അറ്റകുറ്റപ്പണികളും, അദ്ധ്യയന നിലവാരം മെച്ചപ്പെടുത്തൽ, ലാബുകളുടെയും ലൈബ്രറികളുടെയും വികസനം, നിർമ്മാണവിഭാഗത്തിന്റെ സ്ഥാപിക്കൽ എന്നിവക്കായി ഈ ശീർഷകത്തിൽ 624.72 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

വിഭവ ലഭ്യതയുടെ പരിമിതി കാരണം അധിക തുക അനുവദിക്കാൻ നിർവ്വാഹമില്ലായെന്ന് അറിയിക്കുന്നു. കൂടാതെ മുൻ വർഷങ്ങളിൽ അനുവദിച്ചപോലെ 1.50 കോടി രൂപ 2011-12 വർഷത്തേക്കുള്ള ബഡ്ജറ്റിലും വകയിരുത്തിയിട്ടുണ്ടെന്നും അറിയിക്കുന്നു.

**സാംസ്ക്കാരികകാര്യ വകുപ്പ്**

ശുപാർശ (ഖണ്ഡിക നമ്പർ 44)

2202-05-102-96—കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ധനസഹായം

കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പുതിയ കെട്ടിട നിർമ്മാണം, പുസ്തക നിർമ്മാണം, ആധുനികവൽക്കരണം, ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രഖ്യാപിത ലക്ഷ്യമായ അക്കാദമിക് പഠന ഗവേഷണം പുനരാരംഭിക്കൽ തുടങ്ങിയ വിവിധ പദ്ധതികൾക്കായി പദ്ധതി വിഹിതത്തിൽ 1 കോടി രൂപയും പദ്ധതിയിതര വിഹിതത്തിൽ 50 ലക്ഷം രൂപയും അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

നടപ്പു വർഷത്തെ വിഹിതം ഗണ്യമായി വർദ്ധിപ്പിച്ചിരിക്കുന്ന സാഹചര്യത്തിൽ, വിഭവ ലഭ്യതയുടെ പരിമിതി കണക്കിലെടുത്ത് കൂടുതൽ വിഹിതം അനുവദിക്കാൻ നിർവ്വാഹമില്ലെന്ന് അറിയിക്കുന്നു.

ശുപാർശ (ഖണ്ഡിക നമ്പർ 45)

2202-09-102-92—കേരള ബുക്ക് മാർക്കറ്റിംഗ് സൊസൈറ്റി

വായനാശീലം വളർത്തിയെടുക്കുക, ആവശ്യകതയെ ആസ്പദമാക്കി ആഴമുള്ള വായനയ്ക്ക് ആവശ്യമായ പുസ്തകങ്ങൾ യഥാസമയം ലഭ്യമാക്കുക, തുടങ്ങിയ വിവിധ ഉദ്ദേശ്യത്തോടെ പ്രവർത്തിക്കുന്ന കേരള ബുക്ക് മാർക്കറ്റിംഗ് സൊസൈറ്റിക്ക് എറണാകുളത്ത് അന്താരാഷ്ട്ര പുസ്തകമേള നടത്തുന്നതിനും പുതിയ നാല് ശാഖകൾ തുറക്കുന്നതിനും കേന്ദ്ര ഓഫീസ് നിർമ്മാണത്തിനും ഇപ്പോൾ അനുവദിച്ച വിഹിതത്തിനുപുറമെ പദ്ധതിയിനത്തിൽ 1 കോടി 13 ലക്ഷം രൂപയും പദ്ധതിയിതരയിനത്തിൽ 25 ലക്ഷം രൂപയും അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

കേരള ബുക്ക് മാർക്കറ്റിംഗ് സൊസൈറ്റിക്ക് 2010-11-ൽ പദ്ധതിയിനത്തിൽ 30 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. 2009-10-ലെ സൊസൈറ്റിയുടെ വിഹിതത്തേക്കാൾ 30% ൽ അധികം വർദ്ധനവ് പദ്ധതിയിനത്തിൽ 2010-11-ൽ ഉണ്ടായിട്ടുണ്ട്. നിർദ്ദേശിച്ചിട്ടുള്ള 2010-11ലെ പദ്ധതി വിഹിതത്തിലെ വർദ്ധനവ് നിലവിലുള്ള സാഹചര്യത്തിൽ അംഗീകരിക്കാൻ നിർവ്വാഹമില്ല.

ശുപാർശ (ഖണ്ഡിക നമ്പർ 46)

2205-00-101-97—കേരള കലാമണ്ഡലത്തിന് ധനസഹായം

കേരളത്തിലെ ക്ലാസ്സിക്കൽ കലകളുടെ ഉന്നമനത്തിനും പരിശീലനത്തിനും വേണ്ടി നിലകൊള്ളുന്ന കേരള കലാമണ്ഡലത്തിൽ യു.ജി.സി. നിർദ്ദേശിച്ച കാര്യങ്ങൾ നടപ്പിലാക്കുന്നതിന്റെ ഭാഗമായി ആധുനിക സൗകര്യങ്ങളോടുകൂടിയ അക്കാദമിക് ബ്ലോക്ക്, ആഡിറ്റോറിയം, ഹെൽത്ത് സെന്റർ എന്നിവ അടിയന്തിരമായി നിർമ്മിക്കുന്നതിനും വിദേശ വിദ്യാർത്ഥികളുടെ ഹോസ്റ്റൽ, ആധുനിക സൗകര്യങ്ങളുള്ള റിസർച്ച് ആന്റ് ലൈബ്രറി സെന്റർ, സ്റ്റേഡിയം കം ഡോക്യുമെന്റേഷൻ സെന്റർ, പുതിയ ബോയ്സ് ഹോസ്റ്റൽ, പുതിയ കളരികൾ എന്നിവ നിർമ്മിക്കുന്നതിനായി പദ്ധതിയിനത്തിൽ 6 കോടി രൂപയും അദ്ധ്യാപകർക്ക് യു.ജി.സി. നിരക്കിൽ ശമ്പളം കൊടുക്കുന്നതുൾപ്പെടെയുള്ള വിവിധ ആവശ്യങ്ങൾക്കായി പദ്ധതിയിതരയിനത്തിൽ 6 കോടി രൂപയും വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

കേരള കലാമണ്ഡലത്തിന് മുൻ വർഷം പദ്ധതി വിഹിതം 170 ലക്ഷം രൂപയായിരുന്നത് നടപ്പുവർഷം 625 ലക്ഷം രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. നിലവിലെ വിഭവ ലഭ്യതയുടെ പശ്ചാത്തലത്തിൽ കൂടുതൽ തുക അനുവദിക്കുന്ന കാര്യം പരിഗണിക്കാൻ നിർവ്വാഹമില്ല.

ശുപാർശ (ഖണ്ഡിക നമ്പർ 47)

2205-00-102-97—കേരള സാഹിത്യ അക്കാദമി ധനസഹായം

സാംസ്ക്കാരിക പരിപാടികൾ, സാഹിത്യ അക്കാദമി സുവർണ്ണ ജൂബിലി മന്ദിരനിർമ്മാണം എന്നിവയ്ക്കായി പദ്ധതി ഇനത്തിൽ 175 ലക്ഷം രൂപയും, പദ്ധതി യിതരയിനത്തിൽ 29.5 ലക്ഷം രൂപയും അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

കേരള സാഹിത്യ അക്കാദമിക്ക് കഴിഞ്ഞ സാമ്പത്തിക വർഷം പദ്ധതിയിനത്തിൽ 70 ലക്ഷം രൂപയാണ് വകയിരുത്തിയിരുന്നത് 2010-2011 വർഷം ടി വിഹിതം 125 ലക്ഷം രൂപയാക്കി വർദ്ധിപ്പിച്ചിട്ടുണ്ട്. വിഭവ ലഭ്യത പരിമിതമായ സാഹചര്യത്തിൽ അനുവദിച്ചിട്ടുള്ള വിഹിതത്തിനുള്ളിൽ ചെലവ് പരിമിതപ്പെടുത്തേണ്ട തിനാൽ കൂടുതൽ തുക അനുവദിക്കുന്ന കാര്യം പരിഗണിക്കുവാൻ നിർവ്വാഹമില്ല.

ശുപാർശ (ഖണ്ഡിക നമ്പർ 48)

2205-00-102-90—സംഗീത നാടക അക്കാദമിക്ക് ധനസഹായം

സംഗീത നാടക അക്കാദമി ഓരോ വർഷവും നടത്തിവരാറുള്ള പദ്ധതികൾ, അന്താരാഷ്ട്ര നാടകോത്സവം എന്നിവയുടെ നടത്തിപ്പിനായി നടപ്പു സാമ്പത്തിക വർഷം വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 50 ലക്ഷം രൂപകൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

കേരള സംഗീത നാടക അക്കാദമിക്ക് കഴിഞ്ഞ സാമ്പത്തിക വർഷം പദ്ധതിയിന ത്തിൽ 70 ലക്ഷം രൂപയാണ് വകയിരുത്തിയിരുന്നത്. 2010-2011 വർഷം ടി വിഹിതം 125 ലക്ഷം രൂപയാക്കി വർദ്ധിപ്പിച്ചിട്ടുണ്ട്. വിഭവ ലഭ്യത പരിമിതമായ സാഹചര്യ ത്തിൽ കൂടുതൽ തുക അനുവദിക്കുന്ന കാര്യം പരിഗണിക്കുവാൻ നിർവ്വാഹമില്ല.

ശുപാർശ (ഖണ്ഡിക നമ്പർ 49)

4202-04-190-99<br>2205-00-102-65 }—കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷനുള്ള ധനസഹായം

സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷന്റെ കീഴിലുള്ള ചിത്രാഞ്ജലി തീയേറ്ററുകളുടെയും സ്റ്റുഡിയോയുടെയും നവീകരണം, വിപുലീകരണം കൂടാതെ ഒരു വിവിധോദ്ദേശ തിയേറ്റർ സമുച്ചയ നിർമ്മാണം എന്നിവയ്ക്കായി ഇപ്പോൾ അനുവദിച്ചി ട്ടുള്ള തുക അപര്യാപ്തമായതിനാൽ പദ്ധതിയിനത്തിൽ 8369 ലക്ഷം രൂപയും ചലച്ചിത്ര വ്യവസായം പ്രോൽസാഹിപ്പിക്കൽ എന്ന ശീർഷകത്തിൽ പദ്ധതിയിതരയിന ത്തിൽ 484 ലക്ഷം രൂപയും അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

സംസ്ഥാന സർക്കാരിന്റെ വിഭവ ലഭ്യത പരിഗണിക്കുമ്പോൾ ഇപ്പോൾ അനുവദിച്ചിരിക്കുന്ന സഹായത്തിന് പുറമേ അധികമായി തുക അനുവദിക്കുന്നത് പരിഗണിക്കാൻ കഴിയുകയില്ല.

ശുപാർശ (ഖണ്ഡിക നമ്പർ 50)

2205-00-102-55—കുമാരനാശാൻ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കൾച്ചർ

കുമാരനാശാൻ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കൾച്ചർ എന്ന സ്ഥാപനത്തിന് പദ്ധതിയിതര ഇനത്തിൽ ലഭിക്കുന്നത് വാർഷിക ഗ്രാന്റായ പത്തുലക്ഷം രൂപ മാത്രമാണ്. പ്രവർത്തന പരിധിയുടെ വർദ്ധനവും പൊതു ചെലവിന്റെ വർദ്ധനവും നിമിത്തം ഈ സ്ഥാപനത്തിന്റെ പ്രവർത്തനങ്ങൾക്ക് ഇത് തികച്ചും അപര്യാപ്തമാണ്. ആയതിനാൽ 2004-ൽ നിശ്ചയിച്ച നിലവിലുള്ള വാർഷിക ഗ്രാന്റ് 25 ലക്ഷം രൂപയായി ഉയർത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

9-8-2011-ലെ സ.ഉ. (എംഎസ്.) നമ്പർ 45/11/സിഎഡി പ്രകാരം കുമാരനാശാൻ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കൾച്ചർ-ന് ലഭിച്ചുകൊണ്ടിരിക്കുന്ന വാർഷിക ഗ്രാന്റ് 15,00,000 ആയി വർദ്ധിപ്പിച്ചു നൽകിയിട്ടുണ്ട്.

ശുപാർശ (ഖണ്ഡിക നമ്പർ 51)

2205-00-102-82—തിരുവനന്തപുരം ഭാരത് ഭവൻ ധനസഹായം

ഭാഷാ, പ്രാദേശികത, പാരമ്പര്യം എന്നിവയ്ക്കുപരിയായി സംസ്ഥാനങ്ങളെ തമ്മിൽ സാംസ്കാരികമായി കൂട്ടിയിണക്കി ദേശീയത കാത്തുസൂക്ഷിക്കുക എന്ന പരമമായ ലക്ഷ്യത്തോടുകൂടി പ്രവർത്തിക്കുന്ന ഭാരത ഭവന്റെ വിവിധ പ്രവർത്തനങ്ങൾക്ക് ഇപ്പോൾ അനുവദിച്ചിരിക്കുന്ന വിഹിതത്തിനുപുറമെ പദ്ധതിയിനത്തിൽ 23.50 ലക്ഷം രൂപയും പദ്ധതിയിതരയിനത്തിൽ 7.80 ലക്ഷം രൂപയും അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

ഭാരത് ഭവന് നടപ്പു സാമ്പത്തിക വർഷം 5 ലക്ഷം രൂപ പദ്ധതിയിനത്തിൽ വകയിരുത്തിയിട്ടുണ്ട്. 2010-2011-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിരുന്നതിൽ ശേഷിച്ചിരുന്ന തുകയായ 10 ലക്ഷം രൂപ പദ്ധതിയിനത്തിൽ ഉൾപ്പെടുത്തി 2010 ജൂലൈയിലെ ഉപധനാഭ്യർത്ഥന മുഖേന അനുവദിച്ചിട്ടുണ്ട്.

ശുപാർശ (ഖണ്ഡിക നമ്പർ 52)

2205-00-102-74—നാടൻകല അക്കാദമി ധനസഹായം

കേരള നാടൻ കലാ അക്കാദമി 2010-2011 വർഷത്തിൽ പുതുതായി സ്ഥാപിക്കുന്ന ആർക്കൈവ്സ്, കലാഗ്രാമം, ആർട്ട് ഗ്യാലറി തുടങ്ങിയവയ്ക്കായി 60 ലക്ഷം രൂപ കൂടി ഈ ശീർഷകത്തിൽ പദ്ധതിയിനത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

നിലവിലുള്ള വിഭവ ലഭ്യത കണക്കിലെടുത്ത് നാടൻകലാ അക്കാദമിക്ക് ബഡ്ജറ്റ് വിഹിതം വർദ്ധിപ്പിക്കുന്ന കാര്യം പരിഗണിക്കാൻ നിർവ്വാഹമില്ല.

ശുപാർശ (ഖണ്ഡിക നമ്പർ 54)

സാമ്പത്തിക പ്രശ്നങ്ങൾ നേരിടുന്ന സാഹിത്യകാരൻമാർക്കും കലാകാരൻമാർക്കും നൽകുന്ന കലാകാരപെൻഷൻ കൂടുതൽ കലാകാരൻമാർക്ക് അനുവദിക്കുന്നതിനായി 2205-00-102-87 (പദ്ധതിയിതരം) എന്ന ശീർഷകത്തിൽ 10 ലക്ഷം രൂപ അധിക വിഹിതമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

കലാകാരൻമാർക്കും സാഹിത്യകാരൻമാർക്കും പ്രതിമാസം ധന-സഹായം നൽകുന്ന പദ്ധതിയിൻകീഴിൽ വരുന്ന ഗുണഭോക്താക്കളുടെ എണ്ണം മരണംമൂലവും, കലാകാരൻമാരുടെ സമഗ്ര ക്ഷേമം മുൻനിർത്തി കലാകാര ക്ഷേമനിധി രൂപീകരിച്ച് എല്ലാവർക്കും പെൻഷൻ തുടങ്ങിയ ആനുകൂല്യങ്ങൾ നൽകുന്നതിനുള്ള നടപടി സ്വീകരിച്ചു വന്നതിനാലും 2010-11 സാമ്പത്തിക വർഷത്തിൽ കൂടുതൽ പേർക്ക് പെൻഷൻ നൽകുവാൻ കഴിഞ്ഞില്ല. 2205-00-102-87 (പദ്ധതിയിതരം) എന്ന ശീർഷകത്തിൽ 2010-11 വർഷത്തിൽ വകയിരുത്തിയ തുക പെൻഷൻ നൽകുന്നതിന് മതിയാകുമെന്നതിനാൽ കൂടുതൽ തുക വകയിരുത്താൻ കഴിഞ്ഞിട്ടില്ല.

ശുപാർശ (ഖണ്ഡിക നമ്പർ 55)

അശരണരും രോഗബാധിതരുമായ കലാ സാംസ്ക്കാരിക പ്രവർത്തകർക്കും, സിനിമ, ടി.വി. സീരിയൽ കലാകാരന്മാർക്കും അടിയന്തിര ചികിത്സാ സഹായം നൽകുന്ന പദ്ധതി പ്രകാരം കൂടുതൽ പേർക്ക് ചികിത്സാ ധനസഹായം നൽകുന്നതിനായി 2205-00-102-67 (പദ്ധതിയിതരം) എന്ന ശീർഷകത്തിൽ 5 ലക്ഷം രൂപ അധിക വിഹിതമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

അശരണരും രോഗബാധിതരുമായ കലാകാരൻമാർക്കും സിനിമാ, ടി.വി. സീരിയൽ കലാകാരൻമാർക്കും അടിയന്തിര ചികിത്സാ സഹായം നൽകുന്ന പദ്ധതി പ്രകാരം കൂടുതൽ പേർക്ക് ചികിത്സാ സഹായം അനുവദിക്കുന്നതിനായി 2010-11 സാമ്പത്തിക വർഷത്തിൽ രണ്ട് തവണകളായി 2205-00-102-67 (പദ്ധതിയിതരം) എന്ന ശീർഷകത്തിൽ 7,82,879 രൂപ അധിക വിഹിതം അനുവദിച്ചിട്ടുണ്ട്.

ശുപാർശ (ഖണ്ഡിക നമ്പർ 56)

2205-00-104-99—സംസ്ഥാനത്തെ പുരാതന ഗ്രന്ഥശേഖരം

സംരക്ഷണവും ആർക്കൈവൽ ബോധവത്ക്കരണ പരിപാടികൾ, റിപ്രോഗ്രാഫിക് സേവനങ്ങൾ തുടങ്ങിയ പ്രവർത്തനങ്ങൾക്കായി ഈ ശീർഷകത്തിൽ പദ്ധതിയിനത്തിൽ 111 ലക്ഷം രൂപയും പദ്ധതിയിതരയിനങ്ങൾക്കായി 72.60 ലക്ഷം രൂപയും അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

സാമ്പത്തിക വർഷം അവസാനിച്ച സാഹചര്യത്തിൽ അധിക തുക അനുവദിക്കാനുള്ള നിർദ്ദേശം അംഗീകരിക്കാനാവില്ല എന്ന് അറിയിക്കുന്നു.

നിയമസഭാ നടപടികൾ പരിഷ്ക്കരിക്കുന്നതിന്റെ ഭാഗമായി കേരള നിയമസഭയുടെ നടപടിക്രമവും കാര്യ നിർവ്വഹണവും സംബന്ധിച്ച ചട്ടം ഭേദഗതി ചെയ്തതു പ്രകാരം (8-4-2010 -ലെ 4832/Leg n.2/2009/Leg. നമ്പർ വിജ്ഞാപനം) സബ്ജക്ട് കമ്മിറ്റികൾ പുന:ക്രമീകരിച്ച് രൂപീകരിച്ചതനുസരിച്ച് സബ്ജക്ട് കമ്മിറ്റി VI (വിദ്യാഭ്യാസം) - ന് സബ്ജക്ട് കമ്മിറ്റി X (ആഭ്യന്തര കാര്യങ്ങൾ)-ൽ നിന്നും ലഭിച്ച 2010-2011-ലെ അഞ്ചാമത് റിപ്പോർട്ടിലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ശുപാർശകളും സർക്കാർ സ്വീകരിച്ച നടപടി സംബന്ധിച്ച സ്റ്റേറ്റ്മെന്റുകളും.

ശുപാർശ (ഖണ്ഡിക നമ്പർ 54)

ദേശീയ ഗെയിംസുമായി ബന്ധപ്പെട്ട് ഗെയിംസ്‌വില്ലേജ് നിർമ്മിക്കുന്നതിനായി ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടില്ലാത്തതിനാൽ 10 കോടി രൂപ ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

35-ാമത് ദേശീയ ഗെയിംസിനായി ഗെയിംസ് വില്ലേജ് ആന്യൂറ്റി അടിസ്ഥാന ത്തിൽ നിർമ്മിക്കാനാണ് ഉദ്ദേശിച്ചിരുന്നത്. ഗെയിംസ് വില്ലേജ് നിർമ്മാണം ആരംഭി ക്കാൻ ഇതേവരെ സാധിച്ചിട്ടില്ല.

ശുപാർശ (ഖണ്ഡിക നമ്പർ 55)

ദേശീയ ഗെയിംസ് സെക്രട്ടേറിയറ്റിൽ നിലവിലുള്ള 26 ജീവനക്കാരുടെ ശമ്പളവും മറ്റ് ആനുകൂല്യങ്ങളും നൽകുന്നതിന് പുറമെ 13 പുതിയ തസ്തികകൾ കൂടി സൃഷ്ടി ക്കുന്നതിനുള്ള ശുപാർശ കൂടി നൽകിയിട്ടുള്ളതിനാൽ ഇപ്പോൾ അനുവദിച്ചിരിക്കുന്ന 25 ലക്ഷം രൂപയ്ക്ക് പുറമെ 87 ലക്ഷം രൂപ കൂടി ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

ദേശീയ ഗെയിംസിന് സെക്രട്ടേറിയറ്റിൽ 33 തസ്തികകൾ താൽക്കാലികമായി സൃഷ്ടിച്ചിട്ടുണ്ട്. ജീവനക്കാർക്ക് ആനുകൂല്യങ്ങൾ നൽകുന്നതിനായി അധിക തുക വകയിരുത്താൻ സാമ്പത്തിക പരിമിതിമൂലം സാധിച്ചില്ല.

ശുപാർശ (ഖണ്ഡിക നമ്പർ 56)

പഞ്ചായത്ത്തലത്തിലും ബ്ലോക്ക്തലത്തിലും സ്ഥലമേറ്റെടുത്ത് വികസനം വരുത്തി ഗ്രാമതലത്തിൽ തന്നെ സ്പോർട്സ് വളർത്തിയെടുക്കുന്നതിനുള്ള ഒരു പദ്ധതിയാണ് ഇന്ത്യാ ഗവൺമെന്റിന്റെ പൈക്ക സ്കീം. ഈ പദ്ധതിക്കായി കേന്ദ്ര ഗവൺമെന്റും സംസ്ഥാന ഗവൺമെന്റും 75:25 അനുപാതത്തിലാണ് ചെലവ്

വഹിക്കാൻ ഉദ്ദേശിച്ചിരുന്നതെങ്കിലും സംസ്ഥാന വിഹിതമായ 25% തുക ഇതുവരെ വകയിരുത്താൻ സാധിച്ചിട്ടില്ല. കഴിഞ്ഞ വർഷം ഈ പദ്ധതിക്ക് ടോക്കൺ പ്രൊവിഷൻ മാത്രമാണ് അനുവദിച്ചത്. ഈ സാഹചര്യത്തിൽ കഴിഞ്ഞ രണ്ട് വർഷത്തെയും ഈ വർഷത്തെയും പദ്ധതി നടപ്പിലാക്കാൻ സംസ്ഥാന വിഹിതമായി ഈ ശീർഷകത്തിൽ 130 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

പൈക്ക പദ്ധതി നടത്തിപ്പിനായി പ്രത്യേക സംസ്ഥാന വിഹിതം അനുവദിച്ചിട്ടില്ല. സംസ്ഥാന സ്പോർട്സ് കൗൺസിലിന്റെ ബഡ്ജറ്റ് വിഹിതത്തിൽ നിന്നാണ് സംസ്ഥാന വിഹിതം കണ്ടെത്തുന്നത്.

ശുപാർശ (ഖണ്ഡിക നമ്പർ 57)

ആന്യൂറ്റി സ്കീമിൽപ്പെടുത്തി നാല് സ്റ്റേഡിയങ്ങൾ നിർമ്മിക്കാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ട്. ഈ നാല് സ്റ്റേഡിയങ്ങൾക്കുമായി മൊത്തത്തിൽ എസ്റ്റിമേറ്റ് 245 കോടി രൂപയാണ്. ആയതിനാൽ ഇതിന്റെ ആന്യൂറ്റി കൊടുക്കുന്നതിനായി ആദ്യ വർഷം ആവശ്യമായിവരുന്ന 50 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

35-ാമത് ദേശീയ ഗെയിംസിനായി സ്റ്റേഡിയങ്ങൾ ആന്യൂറ്റി അടിസ്ഥാനത്തിൽ നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ആന്യൂറ്റി സ്കീമായതിനാൽ ആദ്യവർഷം പണം ചെലവഴിക്കേണ്ടിവരുന്നില്ല.

ഭാഗം-2

2010-2011 സാമ്പത്തിക വർഷത്തിലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിലെ ശുപാർശകളിന്മേൽ സ്വീകരിച്ച നടപടി സംബന്ധിച്ച സ്റ്റേറ്റ്മെന്റ് ലഭിക്കാത്തവ.

**പൊതു വിദ്യാഭ്യാസ വകുപ്പ്**

ശുപാർശ (ഖണ്ഡിക നമ്പർ 1)

കേന്ദ്ര വിദ്യാഭ്യാസാവകാശ നിയമം

2010 ഏപ്രിൽ 1 മുതൽ നിലവിൽവരുന്ന വിദ്യാഭ്യാസ അവകാശ നിയമം നടപ്പാക്കുന്നതിന്റെ ഭാഗമായുള്ള വികസനപരവും സാങ്കേതികവുമായ പ്രവർത്തനങ്ങൾ അടിയന്തരമായി കേരളത്തിൽ നടപ്പാക്കേണ്ടതാണ്. ഈ നിയമം കേരളത്തിൽ നടപ്പാക്കുന്നതിന്റെ സാദ്ധ്യതകളെപ്പറ്റി പഠിച്ച് തീരുമാനമെടുക്കുന്നതിനായി ഒരു കമ്മിറ്റിയെ നിയോഗിക്കുകയും അതിന്റെ പ്രവർത്തനവുമായി മുന്നോട്ടുപോകുന്നതിനും വിദ്യാഭ്യാസ അവകാശ നിയമം നടപ്പാക്കുന്നതിനും ഈ ബഡ്ജറ്റിൽ ഒരു ലക്ഷം രൂപയുടെ ടോക്കൺ വിഹിതം മാത്രമേ വകയിരുത്തിയിട്ടുള്ളൂ. ഇത് ഈ പദ്ധതിയുടെ

തുടർന്നുള്ള പ്രവർത്തനങ്ങൾക്ക് വിഘാതമായി തീരുമെന്നതിനാൽ ഈ തുക അടിയന്തരമായി വർദ്ധിപ്പിക്കേണ്ടതാണെന്ന് സമിതി അഭിപ്രായപ്പെട്ടു. ആയതിനാൽ ഈ ശീർഷകത്തിൽ നടപ്പ് സാമ്പത്തികവർഷം 50 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശക്തമായി ശുപാർശ ചെയ്യുന്നു.

ശുപാർശ (ഖണ്ഡിക നമ്പർ 4)

2202-02-800-96—സ്കൂളുകളിൽ കളികൾക്കും കായികാഭ്യാസപ്രകടനങ്ങൾക്കും വേണ്ടിയുള്ള ഗ്രാന്റ്

സെക്കണ്ടറി സ്കൂളുകളിൽ കളികൾക്കും കായികാഭ്യാസ പ്രകടനങ്ങൾക്കും വേണ്ടി നടപ്പു സാമ്പത്തിക വർഷം വകയിരുത്തിയിരിക്കുന്ന 8 ലക്ഷം രൂപ അപര്യാപ്തമായതിനാൽ ഈ തുക 15 ലക്ഷമായി വർദ്ധിപ്പിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

ശുപാർശ (ഖണ്ഡിക നമ്പർ 5)

2202-02-800-94—സെക്കണ്ടറി സ്കൂളുകളിൽ ഫർണിച്ചർ വിതരണം ചെയ്യൽ

സെക്കണ്ടറി സ്കൂളുകളിൽ ഫർണിച്ചർ വിതരണം ചെയ്യുന്നതിനായി 2010-11 സാമ്പത്തിക വർഷം വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ടി തുക 30 ലക്ഷമായി വർദ്ധിപ്പിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

ശുപാർശ (ഖണ്ഡിക നമ്പർ 6)

2202-02-800-91—ഡിപ്പാർട്ട്മെന്റ് ഹൈസ്കൂളുകളിലെ ലൈബ്രറിയും ലബോറട്ടറിയും സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ

ലൈബ്രറി പുസ്തകങ്ങൾ, ലബോറട്ടറി ഉപകരണങ്ങൾ, ശാസ്ത്രീയ ഉപകരണങ്ങൾ എന്നിവ സൂക്ഷിക്കുന്നതിനുള്ള റാക്കുകളും അലമാരകളും വാങ്ങി സർക്കാർ ഹൈസ്കൂളുകളിൽ നൽകുന്നതിനും അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനും ടി ശീർഷകത്തിൽ 42 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

ശുപാർശ (ഖണ്ഡിക നമ്പർ 7)

2202-02-800-84—മിനിമം പഠന നിലവാരം സ്വായത്തമാക്കൽ-സെക്കണ്ടറി സ്കൂളുകളുടെ ഗുണനിലവാരം ഉയർത്തുന്നതിനുള്ള പദ്ധതി

സെക്കണ്ടറി സ്കൂളുകളുടെ ഗുണനിലവാരം ഉയർത്തുന്നതിനോടൊപ്പം ഹൈസ്കൂൾ വിദ്യാർത്ഥികൾക്ക് മിനിമം പഠന നിലവാരം സ്വായത്തമാക്കുന്നതിന് പ്രാപ്തമാക്കുക എന്ന ലക്ഷ്യത്തോടുകൂടിയ ഈ പദ്ധതിക്കായി 50 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

ശുപാർശ (ഖണ്ഡിക നമ്പർ 8)

2202-80-003-97—അദ്ധ്യാപക പരിശീലന ഇൻസ്റ്റിറ്റ്യൂട്ടുകളുടെ സൗകര്യം മെച്ചപ്പെടുത്തൽ

24 ഗവൺമെന്റ് ടി.ടി.ഐക്കും 14 സമാന സ്ഥാപനങ്ങൾക്കുമായുള്ള ഈ ശീർഷകത്തിൽ ഈ സാമ്പത്തിക വർഷം 20 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

ശുപാർശ (ഖണ്ഡിക നമ്പർ 10)

2202-02-107-91—സെക്കണ്ടറി തലത്തിൽ വിദ്യാർത്ഥികൾക്കുള്ള ഇൻസെന്റീവ്

ഇന്ത്യാ ഗവൺമെന്റ് 2008-09 അദ്ധ്യയന വർഷംമുതൽ ഇൻസെന്റീവ് ടു ഗേൾസ് ഫോർ ഹയർസെക്കണ്ടറി എഡ്യൂക്കേഷൻ പദ്ധതിപ്രകാരം അർഹരായ ഓരോ വിദ്യാർത്ഥിനിയുടെയും പേരിൽ സ്കോളർഷിപ്പ് തുകയായ 3,000 രൂപ ബാങ്കിൽ നിക്ഷേപിക്കുകയും 18 വയസ് പൂർത്തിയാകുകയും പത്താംക്ലാസ് വിജയിക്കുകയും ചെയ്യുന്ന വേളയിൽ ഈ തുക തിരിച്ചെടുക്കാവുന്നതുമാണ്. ഈ ശീർഷകത്തിൽ നടപ്പ് സാമ്പത്തികവർഷം വകയിരുത്തിയിരിക്കുന്ന തുക തീരെ അപര്യാപ്തമായതിനാൽ മതിയായ തുക പ്രസ്തുത ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

ശുപാർശ (ഖണ്ഡിക നമ്പർ 12)

2202-80-800-90—അപകടങ്ങൾക്കെതിരെ സ്കൂൾ കുട്ടികൾക്കുള്ള ഗ്രൂപ്പ് പേഴ്സണൽ ഇൻഷ്വറൻസ് പ്രീമിയം അടയ്ക്കുന്നതിന്

ആദ്യ കാലങ്ങളിൽ ഇൻഷ്വറൻസ് കമ്പനികളുമായി ചേർന്ന് നടപ്പിലാക്കിയിരുന്ന ഈ പദ്ധതി 2003 മുതൽ പൊതു വിദ്യാഭ്യാസ വകുപ്പ് നേരിട്ടാണ് നടത്തിവരുന്നത്. നടപ്പ് സാമ്പത്തിക വർഷം വകയിരുത്തിയിരിക്കുന്ന 68.20 ലക്ഷം രൂപ അപര്യാപ്തമായതിനാൽ ടി തുക 100 ലക്ഷം രൂപയാക്കി വർദ്ധിപ്പിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

ശുപാർശ (ഖണ്ഡിക നമ്പർ 13)

2204-00-800-97—കേരള ചിൽഡ്രൻസ് ഫിലിം സൊസൈറ്റിക്കുള്ള ധനസഹായം

കേരള ചിൽഡ്രൻസ് ഫിലിം സൊസൈറ്റിക്ക് 2010-11 സാമ്പത്തിക വർഷം വകയിരുത്തിയിരിക്കുന്ന 1.37 ലക്ഷം രൂപ തീരെ അപര്യാപ്തമായതിനാൽ പ്രസ്തുത തുക 2.5 ലക്ഷം രൂപയാക്കി വർദ്ധിപ്പിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

ശുപാർശ (ഖണ്ഡിക നമ്പർ 14)

2204-00-800-83—സ്പോർട്സ് സ്കൂൾ വിദ്യാർത്ഥികൾക്കുള്ള ധനസഹായം

സ്പോർടസ് സ്കൂൾ വിദ്യാർത്ഥികൾക്കായി നടപ്പുവർഷം വകയിരുത്തിയിരിക്കുന്ന തുക തികച്ചും നീതീകരിക്കാനാകാത്തതും അപര്യാപ്തവുമാകയാൽ ടി തുക 7 ലക്ഷം രൂപയായി വർദ്ധിപ്പിക്കണമെന്ന് സമിതി ശക്തമായി ശുപാർശ ചെയ്യുന്നു.

ശുപാർശ (ഖണ്ഡിക നമ്പർ 15)

2205-00-101-95—എസ്.ആർ.വി. സംഗീത സ്കൂൾ, തൃശ്ശൂർ

ഈ ശീർഷകത്തിൽ 13 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

ശുപാർശ (ഖണ്ഡിക നമ്പർ 16)

2202-02-800-81—വിദ്യാഭ്യാസ വകുപ്പിന്റെ ഓഫീസുകളുടെ നവീകരണം

ഡയറക്ടറേറ്റിലും സബ് ഓഫീസുകളിലും നവീകരണത്തിന്റെ ഭാഗമായുള്ള കമ്പ്യൂട്ടർവൽക്കരണത്തിനും മറ്റ് സംവിധാനങ്ങൾക്കും ജീവനക്കാർക്ക് ആവശ്യമായ പരിശീലനം നൽകുന്നതിനുമായി ഈ ശീർഷകത്തിൽ 75 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

ശുപാർശ (ഖണ്ഡിക നമ്പർ 17)

2202-05-102-93—ഇംഗ്ലീഷിനുവേണ്ടി ജില്ലാ കേന്ദ്രങ്ങൾ സ്ഥാപിക്കൽ

ഇംഗ്ലീഷ് ഭാഷയെ പ്രായോഗികമായി സ്വായത്തമാക്കുക, ഭാഷയുടെ ശരിയായ ഉപയോഗം, നവീന രീതികൾ, നവീന സമീപനം, നവീന വിദ്യ എന്നിവയിലൂടെ ഇംഗ്ലീഷ് പഠിപ്പിക്കുന്ന അദ്ധ്യാപകരെ വിദഗ്ധരാക്കുവാൻ പരിശീലനം നൽകുന്ന ഈ പദ്ധതിക്കായി 5 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

ശുപാർശ (ഖണ്ഡിക നമ്പർ 18)

2202-80-004-91-09—സ്റ്റേറ്റ് കൗൺസിൽ ഓഫ് എഡ്യൂക്കേഷൻ, റിസർച്ച് ആന്റ് ട്രെയിനിംഗ്

എസ്.സി.ഇ.ആർ.റ്റി.ക്ക് നടപ്പു സാമ്പത്തിക വർഷം പദ്ധതിയിതര ഇനത്തിൽ 1,000 രൂപ ടോക്കൺ പ്രൊവിഷൻ മാത്രമേ നൽകിയിട്ടുള്ളു. ആയതിനാൽ ശമ്പളവും മറ്റ് ബാദ്ധ്യതകളും നിറവേറ്റുന്നതിനായി പദ്ധതിയിതര ഇനത്തിൽ 718 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

**ഉന്നത വിദ്യാഭ്യാസ വകുപ്പ്**

കോളേജ് വിദ്യാഭ്യാസം

ശുപാർശ (ഖണ്ഡിക നമ്പർ 24)

2204-00-101-99—കായിക വിദ്യാഭ്യാസ കോളേജുകൾ

കോളേജ് വിദ്യാഭ്യാസ ഡയറക്ടറേറ്റിൻകീഴിലുള്ള ഏക കായിക വിദ്യാഭ്യാസ കോളേജിൽ നാനൂറ് മീറ്റർ സിന്തറ്റിക് ട്രാക്ക് നിർമ്മാണത്തിനുമാത്രം അഞ്ചു കോടിയിലേറെ രൂപ ചെലവ് പ്രതീക്ഷിക്കുന്നതിനാൽ ഇപ്പോൾ വകയിരുത്തിയിരിക്കുന്ന 1 കോടി രൂപ തികച്ചും അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ 400 മീറ്റർ സിന്തറ്റിക് ട്രാക്ക് നിർമ്മാണത്തിന് 400 ലക്ഷം രൂപ പദ്ധതി ഇനത്തിൽ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

ശുപാർശ (ഖണ്ഡിക നമ്പർ 25)

2202-03-800-68—കളിസ്ഥലങ്ങളുടെ പരിപാലനവും മറ്റ് കായിക വിനോദങ്ങൾക്കുള്ള സൗകര്യങ്ങളും

സർക്കാർ കോളേജുകളിലെ നിലവിലുള്ള കളിസ്ഥലങ്ങളുടെ സ്ഥിതി വളരെ ശോചനീയമാണെന്നും സംസ്ഥാനത്തിന്റെ കായിക വികസനത്തിനും കായിക താരങ്ങളുടെ വളർച്ചയ്ക്കും കളിസ്ഥലങ്ങൾ അറ്റകുറ്റപ്പണികൾ നടത്തി സംരക്ഷിക്കേണ്ടതുണ്ടെന്നും സമിതി അഭിപ്രായപ്പെടുകയും ആയതിനാൽ എല്ലാ സർക്കാർ ആർട്സ് ആന്റ് സയൻസ് കോളേജുകളിലും വിദ്യാർത്ഥികളുടെ കായികക്ഷമത ഉറപ്പാക്കുന്നതിന് മതിയായ കായിക പരിശീലന സൗകര്യങ്ങൾ ഒരുക്കുന്നതിന് പദ്ധതിയിനത്തിൽ 50 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

ശുപാർശ (ഖണ്ഡിക നമ്പർ 26)

2202-03-800-81—ഡയറക്ടറേറ്റിന്റെയും ആഫീസിന്റെയും നവീകരണം

കോളേജ് വിദ്യാഭ്യാസ ഡയറക്ടറേറ്റിന്റെയും ഡെപ്യൂട്ടി ഡയറക്ടറേറ്റുകളുടെയും ഓഫീസുകളിൽ കമ്പ്യൂട്ടർ, ഇന്റർനെറ്റ് സൗകര്യങ്ങൾ ഉൾപ്പെടെയുള്ള ആധുനികവത്ക്കരണം, ഓഫീസ് ക്യാബിനുകളുടെ നിർമ്മാണം എന്നിവയ്ക്കായി ഈ സാമ്പത്തിക വർഷം പദ്ധതിയിനത്തിൽ 100 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

ശുപാർശ (ഖണ്ഡിക നമ്പർ 27)

4202-01-203-89—ഗവൺമെന്റ് കോളേജുകളിൽ വനിതാഹോസ്റ്റലുകളുടെ നിർമ്മാണം

സർക്കാർ കോളേജുകളിലെ വനിതാ ഹോസ്റ്റൽ നിർമ്മാണത്തിന് ഇപ്പോൾ അനുവദിച്ചിരിക്കുന്ന തുക തികച്ചും അപര്യാപ്തമായതിനാൽ പദ്ധതിയിനത്തിൽ 200 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

**സാങ്കേതിക വിദ്യാഭ്യാസ വകുപ്പ്**

ശുപാർശ (ഖണ്ഡിക നമ്പർ 28)

2203-00-003-99—ഫാക്കൽറ്റിയുടെ വികസനം

എഞ്ചിനീയറിംഗ് കോളേജുകളിലെ ഫാക്കൽറ്റി വികസനത്തിനായി ഫുൾടൈം/പാർട്ട് ടൈം പരിശീലന കോഴ്സ് സംഘടിപ്പിക്കുക, എഞ്ചിനീയറിംഗ് കോളേജുകളിലെ അദ്ധ്യാപകർക്ക് എം. ടെക്, പി.എച്ച്.ഡി., പി.ഡി.എഫ്. തുടങ്ങിയ കോഴ്സുകളിലേക്കുള്ള ചെലവുകൾ വഹിക്കുക, സമ്മേളനങ്ങൾ, സെമിനാറുകൾ, ഹ്രസ്വകാല കോഴ്സുകൾ എന്നിവ സംഘടിപ്പിക്കുക തുടങ്ങിയ ചെലവുകൾക്കായി ഇപ്പോൾ അനുവദിച്ചിരിക്കുന്ന തുക തികച്ചും അപര്യാപ്തമാണ്. ആയതിനാൽ പദ്ധതി ഇനത്തിൽ 320 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

ശുപാർശ (ഖണ്ഡിക നമ്പർ 29)

സാങ്കേതിക വിദ്യാഭ്യാസ വകുപ്പുതലത്തിൽ ഗുണനിലവാരം മെച്ചപ്പെടുത്തൽ

ലോക ബാങ്കിന്റെ സഹായത്തോടെ സാങ്കേതിക വിദ്യാഭ്യാസത്തിന്റെ ഗുണ നിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള കേന്ദ്ര ഗവൺമെന്റിന്റെ പദ്ധതിയുടെ രണ്ടാംഘട്ടം 2010 ഏപ്രിൽ മാസത്തിൽ തുടങ്ങുമെങ്കിലും ഇതിലേക്കായി ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടില്ലെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ പ്രസ്തുത രണ്ടാംഘട്ട പദ്ധതി ഈ വർഷംതന്നെ നടപ്പിലാക്കുന്നതിനുവേണ്ടി 2203-112-75-പ്ലാൻ എന്ന ശീർഷകത്തിൽ 1040 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

ശുപാർശ (ഖണ്ഡിക നമ്പർ 30)

എഞ്ചിനീയറിംഗ് കോളേജുകളിൽ പുതിയ ബിരുദാനന്തര ബിരുദ കോഴ്സുകൾ ആരംഭിക്കുക എന്ന പദ്ധതി സർക്കാരിന്റെ സജീവ പരിഗണനയിലായതിനാൽ ഇതിലേക്കായി 50 ലക്ഷം രൂപ ഈ സാമ്പത്തിക വർഷം അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

ശുപാർശ (ഖണ്ഡിക നമ്പർ 36)

2202-03-800-93—പ്രൊഫഷണൽ കോളേജുകളിൽ അഡ്മിഷനുവേണ്ടിയുള്ള പ്രവേശന പരീക്ഷ കമ്മീഷണറേറ്റ്

എല്ലാവർഷവും പതിമൂന്നോളം വിവിധ പ്രവേശന പരീക്ഷകൾക്കുള്ള ചോദ്യ പേപ്പർ തയ്യാറാക്കൽ, അച്ചടി, ഉത്തരക്കടലാസിന്റെ പരിശോധന എന്നിവയ്ക്കുള്ള ചെലവുകളുടെ വർദ്ധനവും മുൻവർഷങ്ങളിലെ കുടിശ്ശിക കൊടുത്തുതീർക്കുന്നതുൾപ്പെടെയുള്ള ചെലവുകൾക്കും രഹസ്യസേവന ചെലവുകൾ എന്ന ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ രഹസ്യ സേവന ചെലവുകൾക്ക് 33 ലക്ഷം രൂപ പദ്ധതിയിതരയിനത്തിൽ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

ശുപാർശ (ഖണ്ഡിക നമ്പർ 37)

വാഹനങ്ങളുടെ അറ്റകുറ്റപ്പണികൾക്ക് പദ്ധതിയിതരയിനത്തിൽ 51,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

ശുപാർശ (ഖണ്ഡിക നമ്പർ 43)

2202-03-800-73—ഉന്നത വിദ്യാഭ്യാസ കൗൺസിൽ

ഉന്നത വിദ്യാഭ്യാസ നയ ഗവേഷണ സ്ഥാപനം, പാഠ്യ വിഷയ വികസനത്തിനും പരീക്ഷാ പരിഷ്ക്കരണത്തിനുമുള്ള കേന്ദ്രം, മാനവവിഭവശേഷി വികസന കേന്ദ്രം എന്നിവയുടെ വിവിധ പരിപാടികൾ നടപ്പിലാക്കുന്നതിനും ഉന്നത വിദ്യാഭ്യാസ സ്കോളർഷിപ്പ് നൽകുന്നതിനും 322 ലക്ഷം രൂപ അധിക ഗ്രാന്റായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

**സാംസ്കാരികകാര്യ വകുപ്പ്**

ശുപാർശ (ഖണ്ഡിക നമ്പർ 53)

2205-00-102-52—സാംസ്കാരിക ഡയറക്ടറേറ്റ്

സാംസ്കാരിക വകുപ്പ് ഡയറക്ടറേറ്റിൽ നിന്നും കലാകാര പെൻഷൻ ഇലക്ട്രോണിക് മണി ഓർഡറായി അയയ്ക്കുന്നതിനും ഡയറക്ടറേറ്റിന്റെ ഇതര പ്രവർത്തനങ്ങൾ സുഗമവും ഫലപ്രദവുമായി നിർവ്വഹിക്കുന്നതിനും നിലവിലുള്ള കമ്പ്യൂട്ടർ സംവിധാനവും മറ്റും ആധുനികവത്കരിക്കുന്നതിനും ഈ ശീർഷകത്തിൽ പദ്ധതിയിതരയിനത്തിൽ 3 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

ശുപാർശ (ഖണ്ഡിക നമ്പർ 57)

2205-00-800-76—വിവിധോദ്ദേശ സാംസ്കാരിക സമുച്ചയസംഘം ധനസഹായം

വൈലോപ്പിള്ളി സംസ്കൃതി ഭവനിൽ ഫയർ ഫൈറ്റിംഗ് സിസ്റ്റം സ്ഥാപിക്കൽ, കൂത്തമ്പലത്തിൽ ലൈറ്റ് ആന്റ് സൗണ്ട് സിസ്റ്റം സ്ഥാപിക്കൽ, ഓപ്പൺ എയർ ആഡിറ്റോറിയത്തിന്റെ മേൽക്കൂര നിർമ്മാണം, കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾ എന്നിവയ്ക്കായി ഈ ശീർഷകത്തിൽ പദ്ധതിയിനത്തിൽ 75 ലക്ഷം രൂപയും സംഘത്തിന്റെ പ്രവർത്തനാവശ്യങ്ങൾക്കായി പദ്ധതിയിതരയിനത്തിൽ 26 ലക്ഷം രൂപയും അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

ശുപാർശ (ഖണ്ഡിക നമ്പർ 58)

2810-60-800-93—എനർജി മാനേജ്മെന്റ് സെന്റർ ധനസഹായം

കേരളത്തിൽ വളരെ ഫലപ്രദമായി ഊർജ്ജസംരക്ഷണ പ്രവർത്തനങ്ങൾ ആവിഷ്ക്കരിക്കുകയും നടപ്പാക്കുകയും ചെയ്യുന്ന സെന്ററിന്റെ ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങൾക്കായി ഈ സാമ്പത്തിക വർഷം വകയിരുത്തിയിരിക്കുന്ന 20 ലക്ഷം രൂപ പ്രവർത്തനങ്ങൾക്ക് അപര്യാപ്തമായതിനാൽ മെച്ചപ്പെട്ട രീതിയിൽ ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങൾ നടത്തുന്നതിനായി 220 ലക്ഷം രൂപ പദ്ധതിയിനത്തിൽ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2010–2011 സാമ്പത്തിക വർഷത്തിലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിലെ ശുപാർശകൾക്ക് മറുപടി ലഭിച്ചവ, ലഭിക്കാത്തവ എന്നിവ വകുപ്പ് തിരിച്ചുള്ള പട്ടിക

| ക്രമ നമ്പർ | വകുപ്പ് | മറുപടി ലഭിച്ച ഖണ്ഡികകൾ | മറുപടി ലഭിക്കാത്ത ഖണ്ഡികകൾ |
|---|---|---|---|
| (1) | (2) | (3) | (4) |
| 1 | പൊതുവിദ്യാഭ്യാസം | 2, 3, 11, 9, 19, 20, 21, 22, 23 | 1, 4, 5, 6, 7, 8, 10, 12, 13, 14, 15, 16, 17, 18 |

| (1) | (2) | (3) | (4) |
|---|---|---|---|
| 2 | ഉന്നതവിദ്യാഭ്യാസം | .. | 24, 25, 26, 27, 43 |
| 3 | സാങ്കേതിക വിദ്യാഭ്യാസം | 31, 32, 33, 34, 35, 38, 39, 40, 41, 42 | 28, 29, 30, 36, 37 |
| 4 | സാംസ്കാരികകാര്യം | 44, 45, 46, 47, 48, 49, 50, 51, 52, 54, 55, 56 | 53, 57, 58 |